# DESABHIMANI - 30-04-2019

## സിഫ്റ്റ് സ്ഥാപക ദിനാഘോഷം

**മട്ടാഞ്ചേരി**

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ (സിഫ്റ്റ്) 62–ാം സ്ഥാപകദിനാഘോഷം സംഘടിപ്പിച്ചു. പൊതുസമ്മേളനം മുൻ നാഷണൽ ബയോ ഡൈവേഴ്സിറ്റി ചെയർപേഴ്സണും സിഫ്റ്റിന്റെ മുൻ ഡയറക്ടറുമായ ഡോ. ബി മീനാകുമാരി ഉദ്ഘാടനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സി എൻ രവിശങ്കർ അധ്യക്ഷനായി. ചടങ്ങിൽ സിഫ്റ്റിലെ മുൻ ജീവനക്കാരെ ആദരിച്ചു. ഡോ. സുശീല മാത്യു സ്വാഗതവും കെ എസ് ശ്രീകുമാരൻനായർ നന്ദിയും പറഞ്ഞു. സിഫ്റ്റ് അംഗങ്ങളുടെയും കുട്ടികളുടെയും കലാപരിപാടികൾ അരങ്ങേറി.